# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 28/09/ 2020

## എ.റ്റി.എം കവർച്ച കേസിൽ വിദ്യാർത്ഥി അറസ്റ്റിൽ




കൊല്ലം : കരിക്കോട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.റ്റി.എം കവർച്ച ചെയ്യാൻ ശ്രമിച്ചതിന് ബിരുദ വിദ്യാർത്ഥിയെ പോലീസ് അറസ്റ്റ് ചെയ്തു. കൊല്ലം നല്ലില സ്വദേശി 20 കാരനായ ആദർശാണ് പോലീസ് പിടിയിലായത്. രണ്ട് മൂന്ന് ദിവസങ്ങളായി പ്രതിയും കൂട്ടാളികളും ചേർന്ന് പകലും രാത്രിയും കുണ്ടറ മുതൽ കൊല്ലം വരെയുള്ള എ.റ്റി.എം കൾ നിരീക്ഷണം നടത്തിയ ശേഷമാണ് 21 തീയതി രാത്രി 11 മണിയോടെ കരിക്കോട് ജംഗ്ഷനിലുള്ള എ.റ്റി.എം കവർച്ച ചെയ്യാൻ ശ്രമിച്ചത്. അന്നേ ദിവസം രാത്രി മുക്കട വഴി കരിക്കോട് എത്തിയ പ്രതികൾ ജംഗ്ഷനിൽ ആളൊഴിയുന്നത് വരെ കാത്തിരുന്നു. തുടർന്ന് ഹെൽമെറ്റും കൂളിംഗ് ഗ്ലാസും റെയിൻകോട്ടും ധരിച്ച് എ.റ്റി.എമ്മിന് മുന്നിലുള്ള ക്യാമറ നശിപ്പിച്ച ശേഷം ഒരാൾ അകത്ത് കടന്ന് സ്നോസ് സ്പ്രേയിലെ ഫോം സ്പ്രേ ചെയ്ത് ക്യാമറ മറച്ചതിന് ശേഷം കമ്പിപ്പാരയും ചുറ്റികയും ഉപയോഗിച്ച് എ.റ്റി.എമ്മിന്റെ മുൻവശം തകർത്തു. എന്നാൽ എ.റ്റി.എംമ്മിന്റെ ലോക്കർ തകർക്കാനുള്ള പ്രതികളുടെ ശ്രമം വിജയിച്ചില്ല. ആ സമയം അവിടേക്ക് വന്ന കാർ കണ്ട് പ്രതികൾ പൾസർ ബൈക്കിൽ രക്ഷപ്പെട്ടു. തുടർന്ന് കുണ്ടറ കൊല്ലം റൂട്ടിലെ സി.സി.ടി.വി ക്യാമറകളിലെ ദൃശ്യങ്ങളിൽ നിന്നും സംശയം തോന്നിയ 20ഓളം പേരുടെ കാൾ ഡീറ്റയിൽസ് കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിനൊടുവിൽ നല്ലിലയിലെ വീട്ടിൽ നിന്നും പ്രതിയെ പിടികൂടുകയായിരുന്നു. കേസിൽ ഉൾപ്പെട്ട മറ്റു പ്രതികളെ സംബന്ധിച്ച് ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിൽ തുടർ അന്വേഷണം നടക്കുന്നു. കണ്ണനല്ലൂർ ഇൻസ്പെക്ടർ വിപിൻകുമാർ. യൂ.പി, കിളികൊല്ലൂർ ഇൻസ്പെക്ടർ അനിൽകുമാർ, എസ്സ്.ഐ അരുൺഷാ, സ്പെഷ്യൽ ബ്രാഞ്ച് എസ്സ്.ഐ. ആർ.ജയകുമാർ, ഡാൻസാഫ് ടീം അംഗങ്ങളായ എ.എസ്സ്.ഐ ബൈജൂ പി ജെറോം, സിനിയർ സി.പി.ഓമാരായ സീനു.കെ, മനു.ജി, സാജു.എസ്സ്, സി.പി.ഓ മരായ റിപു.ആർ, രതീഷ്, സിജോ കൊച്ചുമ്മൻ തുടങ്ങിയവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.